**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2431** | **27-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ നിർമ്മാണത്തിന് സാങ്കേതികാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കല്ല്യാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കുഞ്ഞിമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടില ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കില മുഖേന സാങ്കേതികാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന സ്കൂൾ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :<br><br>**ചെറുകുന്ന് ബോയ്സ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ** - ടി സ്കൂളിന്റെ സാങ്കേതികാനുമതി (TS) ലഭിക്കുന്നതിനുള്ള Estimate പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയ കില തയ്യാറാക്കിയിട്ടുണ്ട്. റയിൽവേയുടെ NOC ഉൾപ്പെടെയുള്ള KPBR അനുമതികൾ ലഭിക്കുന്നതിനുള്ള നടപടികളും കില സ്വീകരിച്ചു വരുന്നു.<br><br>**കല്യാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കുഞ്ഞിമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ** - ടി സ്കൂളുകൾക്ക് 16.02.2023 ൽ നടന്ന കിലയുടെ TS കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ട്.<br><br>**കൊട്ടില GHSS**<br><br>- ടി സ്കൂളിൽ നിർദ്ദിഷ്ട Vertical Expansion സാദ്ധ്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് ഒരു ബദൽ മാർഗ്ഗം സ്വീകരിക്കാൻ കിലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2431

27-02-2023 ൽ മറുപടി നൽകേണ്ടിയിരുന്നത്

### കിഫ്ബിയിൽ ഉൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ നിർമ്മാണത്തിന് സാങ്കേതികാനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വിജിൻ | ശ്രീ. കെ. എൻ. ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |

### മറുപടി നൽകാൻ വൈകിയതിന്റെ കാരണം കാണിക്കൽ പത്രിക

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 27.02.2023 ന് ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2431 നുള്ള മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ചോദ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന്റെയും ക്രോഡീകരിക്കുന്നതിന്റെയും ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് സമയം വേണ്ടിവന്നതിനാലാണ് മറുപടി യഥാസമയം നൽകുന്നതിൽ കാലവിളംബം ഉണ്ടായത്. ഇക്കാര്യത്തിൽ മനപൂർവ്വമായ വീഴ്ചയോ ഉദാസീനതയോ ഉണ്ടായിട്ടില്ല.

Reji John

ജോയിന്റ് സെക്രട്ടറി